**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ : 507**

18.05.2017 - ൽ മറുപടിക്ക്

# വില നിയന്ത്രണത്തിനായി സഹകരണ വകുപ്പ് നടത്തിയ ഇടപെടൽ

**ചോദ്യം**

**ശ്രീ.ബി.ഡി. ദേവസ്സി**
**,, കാരാട്ട് റസാഖ്**
**,, എം. രാജഗോപാലൻ**
**,, പി.ഉണ്ണി**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അരിവില നിയന്ത്രണത്തിനായി സഹകരണ വകുപ്പ് നടത്തിയ ഇടപെടൽ വിശദമാക്കാമോ ; | (എ) | സംസ്ഥാനത്ത് അരിവില നിയന്ത്രിക്കുന്നതിനും, പൊതുവിപണിയിൽ വിൽപ്പന വില പിടിച്ചു നിർത്തുന്നതിനും, കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയും ഉണ്ടായി. 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണമസൂരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരികയും ചെയ്തുവരുന്നു. |
| (ബി) | മുൻസർക്കാർ തകർച്ചയിലാക്കിയ കൺസ്യൂമർഫെഡിനെ ഉപഭോക്തൃ സാധന വിലനിയന്ത്രണത്തിന് സാധിക്കുംവിധം ശാക്തീകരിക്കുന്നതിനായി നടത്തിയ | (ബി) | ഉപഭോക്തൃ സാധനവില നിയന്ത്രണത്തിന് സാധിക്കുവിധം കൺസ്യൂമർഫെഡിനെ ശാക്തീകരിക്കുന്നതിനായി ചുവടെ പറയും പ്രകാരം ഇടപെടൽ നടത്തിയിട്ടുണ്ട്.<br>1) പ്രാഥമിക സഹകരണ സംഘങ്ങളുടെ |

| | | | |
|---|---|---|---|
| | ഇടപെടൽ അറിയിക്കുമോ; | | സഹായത്തോടെ നീതി സ്റ്റോർ പുനരാവിഷ്കരിച്ചു.<br>2) സാധനങ്ങൾ വാങ്ങുന്നതിലും, ഗുണമേന്മ ഉറപ്പുവരുത്തുന്നതിലും കൺസ്യൂമർഫെഡും, സഹകരണ സ്ഥാപനങ്ങളുമായി ഒത്തുചേർന്ന് ഏകോപിതമായി പ്രവർത്തനങ്ങൾ നടത്തി.<br>3) ഇ-ടെൻഡർ, ക്വാളിറ്റി ഉറപ്പുവരുത്തൽ എന്നിവയിലൂടെ ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ സാധിച്ചു.<br>4) പ്രാഥമിക സഹകരണ സംഘങ്ങളുടെ ഇൻഡൻറ് മുൻകൂട്ടി വാങ്ങി, അതിന്റെ അടിസ്ഥാനത്തിൽ ഇ-ടെൻഡർ നടത്തിയും, നെഗോസിയേഷൻ നടത്തിയും, അഡ്വാൻസ് തുക സംഘങ്ങളിൽ നിന്നും വാങ്ങാൻ സാധിച്ചു. ഇത് സപ്ലൈയർമാർക്ക് റൊക്കം പണം നൽകി സാധനങ്ങൾ വാങ്ങാൻ സാധിച്ചു.<br>മേൽ മാർഗ്ഗങ്ങൾ വഴി, പൊതുമാർക്കറ്റിനേക്കാൾ 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ സാധനങ്ങൾ വാങ്ങുന്നതിന് സാധിക്കുകയും, മാർക്കറ്റ് വില കുറച്ചുകൊണ്ടു വരുന്ന നടപടി ഫലപ്രദമാക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പുതുതായി നീതിസ്റ്റോറുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | പുതുതായി നീതി സ്റ്റോറുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡിന്റെ മുൻകൈയോടെ 2000 നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മരുന്നുവില നിയന്ത്രണത്തിനായി 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | മരുന്ന് വില നിയന്ത്രിക്കുന്നതിനായി 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമായി വരുന്നു. സഹകരണ സംഘങ്ങൾ വഴി നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ പാലിച്ച് ലഭ്യമാക്കുന്ന അപേക്ഷകളിന്മേൽ അവ തുടങ്ങുന്നതിന് അനുമതി നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**